# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *521 — 26.10.2016 -ലെ മറുപടിയ്ക്ക്

**പെപ്സി, കൊക്കക്കോള കമ്പനികളുടെ ഭൂഗർഭ ജലചൂഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ. പി. ഉണ്ണി<br>ശ്രീ.പി.കെ. ശശി<br>ശ്രീ.ബി.ഡി.ദേവസ്സി | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി നടത്തിയ ഭൂഗർഭജല ചൂഷണത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ട്രൈബ്യൂണൽ രൂപീകരണം പോലും മുൻസർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് അസാധ്യമായ സാഹചര്യത്തിൽ, ഇരകൾക്ക് ധനസഹായത്തിനായി എന്തുമാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്; | എ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള വ്യവസ്ഥകൾ The Plachimada Coca-Cola Victims Relief and Compensation Claims Special Tribunal Bill, 2011-ലെ വ്യവസ്ഥകൾ ഉൾക്കൊണ്ടവയാണെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി വീണ്ടും അയക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയക്കുകയായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പ്ലാച്ചിമടയിൽ നാശനഷ്ടങ്ങൾക്കിരയായവർക്ക് എപ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ നിയമവശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| ബി) | സമാനരീതിയിൽ പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ പെപ്സി കമ്പനി നടത്തുന്ന ഭൂഗർഭജല ചൂഷണം സമീപവാസികളുടെ കുടിവെള്ളം മുട്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) യും സി) | പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ പെപ്സി കമ്പനി അമിതമായി ഭൂഗർഭജലം ഊറ്റുന്നതിന് നിയന്ത്രണമേർപ്പെടുത്തിയ സർക്കാർ നടപടിക്കെതിരെ പെപ്സി കമ്പനി ബഹു: ഹൈക്കോടതിയിൽ WP(C) No.20693/2010 പ്രകാരം കേസ് ഫയൽ ചെയ്തു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതി ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുകയും റിപ്പോർട്ട് ബഹു: ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. പ്രതിദിനം 2.34 ലക്ഷം ലിറ്റർ ഭൂഗർഭ ജലം ഊറ്റുന്നതിന് അനുമതി നൽകാനാണ് വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ വിദഗ്ധ സമിതി ശുപാർശയ്ക്കെതിരെ പെപ്സി കമ്പനി ബഹു: ഹൈക്കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തു. ഇതിനെതിരെ സർക്കാർ വസ്തുതാവിവരണ പത്രിക സമർപ്പിച്ചിരിക്കുകയാണ്. ഈ വിഷയം ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| സി) | ഈ കമ്പനിയുടെ ജലചൂഷണം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ